# വനിത ശിശു വികസന വകുപ്പ്

## പ്രധാനമന്ത്രി മാതൃ വന്ദന യോജന(PMMVY)



ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷണ നിലവാരം ഉയർത്തുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വനിത ശിശു വികസന വകുപ്പ് വഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി മാതൃ വന്ദന യോജന(PMMVY). 2017 ജനുവരി മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം ആദ്യ പ്രസവത്തിനു 5000 രൂപ ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കുന്നു.

പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസൃതമായി 3 ഗഡുക്കളായാണ് ആനുകൂല്യം ലഭ്യമാക്കുന്നത്. കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതു മേഖല ജീവനക്കാർ എന്നിവർ ഒഴികെ മറ്റു പ്രസവാനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്ത എല്ലാ സ്ത്രീകൾക്കും അവരുടെ ആദ്യ പ്രസവത്തിനു ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിനു അർഹതയുണ്ട്.

**നിബന്ധനകൾ**

| ഗഡു | നിബന്ധന | തുക |
|---|---|---|
| **ഒന്നാം ഗഡു** | അവസാന മാസമുറ തീയതി കഴിഞ്ഞു 150 ദിവസത്തിനകം ആരോഗ്യ കേന്ദ്രത്തിലോ , അങ്കണവാടിയിലോ രജിസ്റ്റർ | 1000 |
| **രണ്ടാം ഗഡു** | അവസാന മാസമുറ തീയതി കഴിഞ്ഞു ഒരു പരിശോധന എങ്കിലും നടത്തിയിരിക്കണം | 2000 |
| **മൂന്നാം ഗഡു** | ജനനം രജിസ്റ്റർ ചെയ്ത് ആദ്യഘട്ട പ്രതിരോധ കുത്തിവെയ്പ്പുകൾ പൂർത്തിയാക്കിയിരിക്കണം | 2000 |

അപേക്ഷ നൽകുന്നതിനായി അടുത്തുള്ള അങ്കണവാടി കേന്ദ്രവുമായി ബന്ധപ്പെടുക.

## ആദ്യ സഹസ്ര ദിനങ്ങൾ




അമ്മയുടെ ഗർഭാവസ്ഥയിലെ 9 മാസം മുതൽ കുട്ടിയ്ക്ക 2വയസ്സ് തികയുന്നതു വരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ വളർച്ചയിൽ പരമ പ്രധാനമാണ്. ഗർഭിണികളിലെ ന്യൂന പോഷണം ശിശു മരണത്തിനും അനാരോഗ്യമുള്ള കുഞ്ഞുങ്ങളുടെ ജനനത്തിനും കാരണമാകുന്നു. ഇത് തടയുന്നതിനായി വിഭാവന ചെയ്ത പദ്ധതിയാണ് ആദ്യ സഹസ്ര ദിന പദ്ധതി. പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. ജനനത്തിന് ശേഷം ആദ്യ ഒരു മണിക്കൂറിനുള്ളിൽ മുലയൂട്ടൽ
2. ആദ്യ ആറ് മാസം സമ്പൂർണ്ണ മുലയൂട്ടൽ
3. ആറ് മാസത്തിന് ശേഷം ശരിയായ പൂരകാഹാരം
4. ശുചിത്വം
5. പ്രതിരോധ കുത്തിവയ്പുകൾ
6. കുട്ടികളിലെ വൈകല്യം മുൻകൂട്ടി കണ്ടെത്തൽ

**ഗുണഭോക്താക്കൾ**

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 2 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾN ആദ്യ ഘട്ടമായി സംസ്ഥനത്ത് 11 ICDS പ്രോജക്ടുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

**അർഹതാ മാനദണ്ഡം**

എല്ലാ ഗർഭിണികളും മുയൂട്ടുന്ന അമ്മമാരും രണ്ട് വയസ്സിന് താഴെയുള്ള കുട്ടികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ അർഹതയുള്ളവരാണ്. ഗർഭിണികൾക്കും മുലയുട്ടുന്ന അമ്മമാർക്കും നൽകുന്ന പ്രത്യേക ഭക്ഷ്യ മിശ്രിതം ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രമാണ് നൽകുന്നത്.

**ലഭ്യമാകുന്ന സേവനങ്ങൾ**

- പ്രത്യേക ഭക്ഷ്യ മിശ്രിതം
- IFA ഗുളികകൾ
- ആരോഗ്യ പരിശോധന
- ആരോഗ്യ പോഷണ ബോധവൽക്കരണം

**അപേക്ഷ നൽകേണ്ട വിധം**:
അർഹരായ ഗുണഭോക്താക്കൾക്ക് അടുത്തുള്ള അങ്കണവാടിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ് ഇതിനായി പ്രത്യേക അപേക്ഷ . നൽകേണ്ടതില്ല.

**സേവന ലഭ്യത**:
മൂന്ന് മാസത്തിലൊരിക്കൽ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു .അർഹതയുള്ളവർക്ക് അങ്കണവാടിയിൽ നിന്നും പ്രതിമാസം പ്രത്യേകം തയ്യാറാക്കിയ ഭക്ഷ്യ മിശ്രിതം 4.5 കിലോ വീതം വിതരണം ചെയ്യുന്നു മാസത്തിലൊരിക്കൽ ആരോഗ്യ .പോഷണ വിദ്യാഭ്യാസ ക്ലാസുകളും അങ്കണവാടികളിൽ ഇവർക്കായി നടത്തിന്നു .

**പരാതി പരിഹാരം:**
പരാതികൾ ബന്ധപ്പെട്ട CDPO യുടെ ഓഫീസിൽ നൽകേണ്ടതാണ്.

## അനുപൂരക പോഷകാഹാര പദ്ധതി



വളർച്ചയുടെ ഓരോ ഘട്ടത്തിലും നിർദ്ദേശിച്ചിട്ടുള്ള പോഷകാഹാരത്തിന്റെ അളവും ദിവസവും ആഗിരണം ചെയ്യപ്പെടുന്ന പോഷകാഹാരത്തിന്റെ അളവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പോഷകാഹാര പദ്ധതിയാണ് അനുപൂരക പോഷകാഹാര പദ്ധതി. ഈ പദ്ധതിയിലൂടെ 6 മാസം മുതൽ 6 വയസ് വരെയുള്ള കുട്ടികൾ, ഗുരുതരമായ തൂക്കക്കുറവുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാരം ലഭ്യമാക്കുന്നു.
GOI നിഷ്ക്കർഷിട്ടുള്ളതും, അങ്കണവാടിയിലൂടെ വിവിധ വിഭാഗങ്ങൾക്കും അനുവദിക്കുന്ന പോഷകാഹാരങ്ങളും പോഷക മൂല്യങ്ങളും ചുവടെ ചേർക്കുന്നു.

1. **6 മാസം മുതൽ 3 വയസ് വരെയുള്ള കുട്ടികൾ**
   ഒരു കുട്ടിയ്ക്ക് ഒരു ദിവസം 500 കലോറി ഊർജ്ജം പ്രധാനം ചെയ്യുന്നതും, 12-15 ഗ്രാം പ്രോട്ടീൻ അടങ്ങിയിട്ടുള്ള ഭക്ഷണം, 6 മാസം മുതൽ 3 വയസ് വരെയുള്ള കുട്ടികൾക്ക് അങ്കണവാടിയിലൂടെ അമൃതം പൊടിയായി (സോയ, ഗോതമ്പ്, കപ്പലണ്ടി, പഞ്ചസാര എന്നിവ അടങ്ങിയത്) മാസത്തിൽ രണ്ട് തവണ വിതരണം ചെയ്തുവരുന്നു. ദിവസം 135 ഗ്രാം എന്ന നിരക്കിൽ മാസം 25

ദിവസത്തേയ്ക്കാണ് അമൃതം പൊടി നൽകുന്നത്.

2. **3 വയസ് മുതൽ** 6 **വയസ് വരെയുള്ള കുട്ടികൾ**

ഒരു കുട്ടിയ്ക്ക് ഒരു ദിവസം 500 കലോറി ഊർജ്ജം ലഭിക്കുന്നതും 12-15 ഗ്രാം പ്രോട്ടീൻ അടങ്ങിയിട്ടുള്ളതുമായി ഭക്ഷണം, അങ്കണവാടിയിൽ എത്തുന്ന 3 വയസ് മുതൽ 6 വയസ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, ജനറൽ ഫീഡിംഗ് എന്നിവ നൽകി വരുന്നു.

3. **ഗുരുതരമായ ഭാരക്കുറവുള്ള കുട്ടികൾ**

6 വയസ് മുതൽ 6 വയസ് വരെയുള്ള കുട്ടികൾക്ക്, ഒരു കുട്ടിയ്ക്ക് ഒരു ദിവസം 800 കലോറി ഊർജ്ജവും, 22-25 ഗ്രാം പ്രോട്ടീനും അടങ്ങിയിട്ടുള്ള ഭക്ഷണം ഇത്തരം കുട്ടികൾക്ക് ഇരട്ടി അളവിൽ റേഷനായി നൽകി വരുന്നു.

4. **ഗർഭിണികൾ പാലൂട്ടുന്ന അമ്മമാർ**

ഇത്തരം വിഭാഗങ്ങൾക്ക് ഒരു ദിവസം 600 കലോറി ഊർജ്ജവും, 18-20 ഗ്രാം പ്രോട്ടീനും ലഭിക്കത്തക്ക വിധത്തിലുള്ള പാകം ചെയ്യാത്ത ഭക്ഷണ പദാർത്ഥങ്ങൾ ജനറൽ ഫീഡിംഗിൽ ഉൾപ്പെടുത്തി റേഷനായി നൽകുന്നു.

**ഗുണഭോക്താക്കൾ**

6 വയസ് മുതൽ 6 വയസ് വരെയുള്ള കുട്ടികൾ, ഗുരുതരമായ ഭാരക്കുറവുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർN

**അർഹത / യോഗ്യത**

അങ്കണവാടിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ 6 വയസ് മുതൽ 6 വയസ് വരെയുള്ള കുട്ടികൾ, ഗുരുതരമായ ഭാരക്കുറവുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർ അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് യോഗ്യരാണ്.

**സേവന ഇനം**

അനുപൂരക പോഷകാഹാര പദ്ധതിയുടെ സേവനം ഭക്ഷണ പദാർത്ഥങ്ങളുടെ രൂപത്തിൽ ലഭ്യമാക്കുന്നു.

**അപേക്ഷിക്കുന്ന വിധം / അപേക്ഷാ ഫാറം** - അനുപൂരക പോഷകാഹാര പദ്ധതിയുടെ സേവനം ലഭ്യമാക്കുന്നതിന് പ്രത്യേക അപേക്ഷ നൽകേണ്ടതില്ല.

**സേവനം ലഭ്യമാക്കൽ**

അനുപൂരക പോഷകാഹാര പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. 6 മാസം മുതൽ 3 വയസ് വരെയുള്ള കുട്ടികൾക്ക് അമൃതം പൊടി മാസത്തിൽ രണ്ട് തവണ ടേക്ക് ഹോം റേഷനായി നൽകി വരുന്നു. അങ്കണവാടികളിൽ എത്തുന്ന 3 വയസ്സ് മുതൽ 6 വയസ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, ജനറൽ ഫീഡിംഗ് എന്നിവ (പ്രതിമാസം 25 ദിവസങ്ങൾI നൽകി വരുന്നു. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് GOI നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരം പോഷക മൂല്യം ലഭിക്കത്തക്ക വിധത്തിലുള്ള പാകം ചെയ്യാത്ത ഭക്ഷണ പദാർത്ഥങ്ങൾ അങ്കണവാടികളിലൂടെ വിതരണം

ചെയ്തു വരുന്നു. പ്രാദേശിക താൽപ്പര്യങ്ങൾ, ഭക്ഷണ പദാർത്ഥങ്ങളുടെ ലഭ്യത, പഞ്ചായത്തുകളുടെ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ അങ്കണവാടിയിലും വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങൾ വ്യത്യസ്തപ്പെട്ടിരിക്കുന്നു.

## പരാതി പരിഹാരം

ഏതെങ്കിലും ഗുണഭോക്താവിന് പോഷകാഹാരം യഥാസമയം ലഭ്യമാക്കാതെ വന്നാൽ, അങ്കണവാടിതല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി (ALMC) / സൂപ്പർവൈസർ 0 സിഡിപിഒ എന്നിവർക്ക് പരാതി നൽകാവുന്നതാണ്.

## സമ്പുഷ്ട കേരളം (Poshan Abhiyaan)



പോഷണ വൈകല്യങ്ങൾ പരിഹരിച്ച് ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനാണ് ഈ പോഷണ ദൗത്യം ഊന്നൽ നൽകുന്നത്

**പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ:**

1. കുട്ടികൾക്കിടയിലെ മുരടിപ്പ് (0-6 വയസ്സ്) 6% കുറയ്ക്കുക
2. കുറഞ്ഞ ജനന ഭാരം 6% കുറയ്ക്കുക
3. കുട്ടികൾക്കിടയിൽ വിളർച്ച (6 മാസം മുതൽ 59 മാസം വരെ) 6% കുറയ്ക്കുക
4. സ്ത്രീകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും ഇടയിൽ വിളർച്ച 9% കുറയ്ക്കുക
5. കുട്ടികൾക്കിടയിലെ പോഷകാഹാരക്കുറവ് (0-6 വയസ്സ്) 6% കുറയ്ക്കുക

**അർഹരായ ഗുണഭോക്താക്കൾ**

- കൗമാര പ്രായക്കാരായ പെൺകുട്ടികൾ
- ഗർഭിണികൾ
- പാലൂട്ടുന്ന അമ്മമാർ
- 0-6 വയസ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾ

**പ്രധാന ഘടകങ്ങൾ**

- ഇൻഫർമേഷൻ കമ്പ്യൂട്ടർ ടെക്നോളജി പ്രാപ്തമാക്കിയ സ്കീമുകളുടെ തത്സമയ നിരീക്ഷണ (ഐസിടി-ആർടിഎം)
- സ്മാർട്ട് ഫോണുകളുടെയും ടാബ്ലെറ്റുകളുടെയും സംഭരണം
- വളർച്ചാ നിരീക്ഷണ ഉപകരണങ്ങളുടെ സംഭരണം
- Incremental Learning Approach (ILA):
- മാതൃ-ശിശു പോഷകാഹാരം മെച്ചപ്പെടുത്തുന്നതിനായി സ്വഭാവമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമായി കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള പരമ്പരാഗത ഇവന്റുകൾ സംഘടിപ്പിക്കുന്നു

- വിവിധ പോഷകാഹാര, ആരോഗ്യ സംബന്ധിയായ സർക്കാർ പദ്ധതികളിൽ ലഭ്യമായ ആനുകൂല്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും ഐഇസി തന്ത്രം ലക്ഷ്യമിടുന്നു

## അഭയ കിരണം

സ്വന്തമായി വീടോ സ്ഥിര വരുമാനമോ ഇല്ലാത്ത അഭയ സ്ഥാനമില്ലാതെ കഴിയുന്ന വിധവകളുടെ (ഭർത്താവ് മരിച്ചവർ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം അയവർ) ജീവിതം മെച്ചപ്പെടുത്തുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇങ്ങനെയുള്ള വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഉത്തരവാദിത്വപ്പെട്ട വ്യക്തിയ്ക്ക് മാസം 1000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ് '**അഭയ കിരണം**'

**പദ്ധതി മാനദണ്ഡം**



1. ഗുണഭോക്താവായി തെരഞ്ഞെടുക്കുന്ന അഗതികളായ വിധവകൾക്ക് 50 വയസ്സിന് മുകളിൽ പ്രായമുണ്ടായിരിക്കണം.
2. വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
3. സ്വന്തമായി വീടോ സ്ഥലമോ ഉണ്ടായിരിക്കുവാൻ പാടില്ല.
4. സർവ്വീസ് പെൻഷൻഫാമിലി പെൻഷൻ എന്നിവ കൈപ്പറ്റുന്നവരാകരുത്.
5. പ്രായ പൂർത്തിയായ മക്കൾ ഉണ്ടായിരിക്കുവാൻ പാടില്ല.
6. അപേക്ഷക വിധവയാണെന്നും (ഭർത്താവ് മരിച്ചവരോ ഭർത്താവ് ഉപേക്ഷിച്ച് 7 വർഷമായവരോ ആണെന്നും) ബന്ധുവിന്റെ പരിചരണത്തിൽ കഴിയുന്ന വ്യക്തിയാണെന്നും വില്ലേജ് ഓഫീസർ സർട്ടിഫൈ ചെയ്തിരിക്കണം.
7. അപേക്ഷക ഏതെങ്കിലും സ്ഥാപനത്തിലെ അന്തേവാസിയാകാൻ പാടില്ല.

**അപേക്ഷിക്കേണ്ട വിധവും ഹാജരാക്കേണ്ട രേഖകളും**

1. അപേക്ഷ ഫോറം (നിശ്ചിത മാതൃകയിലുള്ളത്.)
2. വയസ്സ് തെളിയിക്കുന്നതിനുള്ള രേഖകൾ Hസ്കൂൾ സർട്ടിഫിക്കറ്റ്, ഇലക്ഷൻ ഐ.ഡി കാർഡ്, ആധാർ കാർഡ് എന്നിവയിൽ ഏതെങ്കിലും കോപ്പി)
3. വരുമാന സർട്ടിഫിക്കറ്റ് /മുൻഗണനാ ലിസ്റ്റിൽപ്പെട്ട റേഷൻ കാർഡ് കോപ്പി
4. അപേക്ഷക ബന്ധുവിന്റെ സംരക്ഷണത്തിലാണെന്നും വിധവയാണെന്നുമുള്ള രേഖ (വില്ലേജ് ഓഫീസർ നൽകിയത് മാനദണ്ഡത്തിൽ കാണിച്ച പ്രകാരം)
5. അപേക്ഷകയുടെയും സംരക്ഷണം നൽകുന്നയാളിന്റേയും പേരിലുള്ള ജോയിന്റ് അക്കൗണ്ട് ബാങ്ക് പാസ്സ് ബുക്ക് കോപ്പി.
6. അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർ മുഖേനെ സമർപ്പിക്കേണ്ടതാണ്.

## അതിജീവിക

കുടുംബനാഥന്റെ ഏക ആശ്രയത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ ഗൃഹനാഥൻ ഗുരുതരമായ അസുഖത്താൽ കിടപ്പിലാവുകയോ രോഗം മൂലം മരണപ്പെടുകയോ പെട്ടന്നുണ്ടാകുന്ന അപകടങ്ങളാൽ മരണപ്പെടുകയോ കിടപ്പിലാവുകയോ ചെയ്യുമ്പോൾ സ്ഥിരവരുമാനം ഇല്ലാത്തതിനാലും ജോലി ചെയ്യാനുള്ള



ആരോഗ്യമില്ലാത്തതിനാലും നിത്യ ചെലവിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആശുപത്രി ചെലവുകൾക്കും മറ്റും മാർഗ്ഗമില്ലാതെ തന്നെ ബുദ്ധിമുട്ടുന്ന അവസ്ഥ പെട്ടന്ന് സംജാതമാകുന്നു. ഇപ്രകാരം രോഗികളായ സ്ത്രീകൾ വിധവകൾ , ഭർത്താവ് ഗുരുതര അസുഖത്താൽ കിടപ്പിലായവർ, വിവാഹ മോചിതരായ സ്ത്രീകൾ ഉള്ള കുടുംബം ഭർത്താവ് ഉപേക്ഷിക്കപ്പെട്ട കുടുംബത്തിലെ സ്ത്രീകൾ എന്നിവർ എല്ലാം തന്നെ ഈ അവസ്ഥ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. കൂടാതെ ബാങ്ക് ലോണെടുത്തും മറ്റും നിർമ്മിച്ച വീടുകളുടെ വായ്പാ തിരിച്ചടവ്, ചികിത്സയ്ക്ക് വേണ്ടി എടുത്ത ലോൺ, ഭർത്താവിന്റെ അസുഖം, ചികിത്സ, മരണം എന്നിവമൂലം തിരിച്ചടവ് മുടങ്ങുന്നത് കാരണം സ്ത്രീയ്ക്ക് ഇത് ബാധ്യതയായി വരികയും ജപ്തി ഭീഷണി നേരിടുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുന്നു. ഇത് പലപ്പോഴും കൂട്ട ആത്മഹത്യയിലേയ്ക്ക് എത്തിച്ചേരുന്ന സന്ദർഭങ്ങളും ഉണ്ടാകുന്നു.

പ്രകൃതിക്ഷോഭം മൂലവും മറ്റ് കാരണങ്ങളാലും വീടിന് നാശനഷ്ടം സംഭവിച്ച് അന്തിയുറങ്ങാൻ സുരക്ഷിതമായ വീടില്ലാതെ ട്രയിനിൽ യാത്ര ചെയ്ത് കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കിയ അമ്മയെക്കുറിച്ചുള്ള വാർത്തകൾ സമൂഹ

മനസാക്ഷിയെ ഞെട്ടിക്കുന്നതാണ്. ഭർത്താവിന്റെ മാരകമായ അസുഖത്തിന് ചികിത്സക്ക് ലോണെടുത്ത് കടക്കെണിയിലായി ജപ്തി നടപടി നേരിടുന്നവരെ കുറിച്ചുള്ള വാർത്തകളും പത്ര മാധ്യമങ്ങളിലൂടെ പുറത്ത് വന്നിട്ടുണ്ട്.

ഇപ്രകാരം ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകൾക്ക് ഒറ്റത്തവണ ധനസഹായം നൽകുന്നതിന് **'അതിജീവിക'** എന്ന പദ്ധതിക്ക് സൂചന പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

**നിർവ്വഹണം**

ജില്ലാ വനിതാ ശിശു വികസന ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിമൺ പ്രൊട്ടക്ഷൻ ഓഫീസർ, പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ, സൂപ്പർവൈസർ എന്നിവർക്കും അപേക്ഷ സ്വീകരിക്കാവുന്നതും ഇവ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് കൈമാറേണ്ടതുമാണ്.

ലഭ്യമായ അപേക്ഷകളിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർ വിശദമായ അന്വേഷണം നടത്തി സർക്കാരിൽ നിന്നും ഇക്കാര്യത്തിന് ധനസഹായം ലഭിച്ചവരെ ഒഴിവാക്കി മാർഗ്ഗരേഖയിൽ പറഞ്ഞവിധം ദുരിതമനുഭവിക്കുന്നവരാണെന്ന് ഉറപ്പാക്കി റിപ്പോർട്ട് തയ്യാറാക്കി ജില്ലാതല കമ്മിറ്റി (ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റി) കൂടി അർഹരായ അപേക്ഷകരെ പരിഗണിച്ച് ധന സഹായത്തിന് വനിത ശിശു വികസന ഡയറക്ടർക്ക് ശുപാർശ ചെയ്യേണ്ടതാണ്. . പരമാവധി 50,000/- രൂപവരെ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയ്ക്ക് ശുപാർശ ചെയ്യാവുന്നതാണ്. കമ്മിറ്റിയുടെ തീരുമാനം സഹിതം ജില്ലാ വനിതാ ശിശു വികസന ഓഫീസർ അലോട്ട്മെന്റിനായി വനിതാ ശിശു വികസന ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന പ്രൊപ്പോസൽ സംസ്ഥാന സമിതിയുടെ അംഗീകാരത്തിന് വിധേയമായി ധനസഹായം അനുവദിച്ച് നൽകുന്നതാണ്. അലോട്ട്മെന്റ് ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് ഡയറക്ടറേറ്റിൽ നിന്ന് നൽകുന്നതും തുക ഗുണഭോക്താവിന് DBT ചെയ്യേണ്ടതുമാണ്.

**ഗുണഭോക്തക്കൾ**

1. ഭർത്താവ് /കുട്ടികൾ0 കുടുംബനാഥ എന്നിവർ രോഗബാധിതരായി കിടപ്പു രോഗിയുള്ള കുടുംബം
2. പ്രകൃതി ദുരന്തത്താലോ, മനുഷ്യ വിപത്തിനാലോ വീട് നഷ്ടപ്പെട്ട്/ നാശം
3. സംഭവിച്ച് വാടകയ്ക്ക് താമസിക്കാൻ കഴിയാതെ ബുദ്ധിമിട്ടുന്ന സ്ത്രീ കുടുംബ നാഥയായ കുടുംബം.
4. കട ബാധ്യത മൂലം കുടുംബനാഥ ജപ്തി ഭീഷണി നേരിടുന്ന കുടുംബം.
5. ഭർത്താവിന്റെ അസുഖം/വിയോഗം മൂലം മക്കളുടെ പഠനത്തിന്/ആശ്രിതരുടെ ചികിത്സയ്ക്കും ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബ

നാഥയായ കുടുംബം.

6. അസുഖം ബാധിച്ച് മറ്റാരും നോക്കാനില്ലാതെ കഷ്ടപ്പെടുന്ന സ്ത്രീ
7. അപേക്ഷകരായ സ്ത്രീകളുടെ പ്രായം 50 വയസ്സിൽ താഴെ ആയിരിക്കണം.

അനാരോഗ്യം നിമിത്തം ജോലി ചെയ്യാൻ സാധിക്കാത്ത സ്ത്രീകൾക്കു മാത്രമേ ഈ സ്കീമിനു കീഴിൽ അർഹതയുണ്ടായിരിക്കുകയുള്ളൂ. (ഹൃദ്രോഗം, അംഗപരിമിതി, കിഡ്നി/ലിവർ സംബന്ധമായ രോഗങ്ങൾ ക്യാൻസർ, തളർവാതം മറ്റ് ഗുരുതര രോഗങ്ങൾI. അപേക്ഷകർ മേൽ വിഭാഗത്തിൽപ്പെടുന്നവരാണെന്ന് തെളിയിക്കു ന്നതിനുള്ള രേഖകൾ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതും ജീവിത അവസ്ഥ സംബന്ധിച്ചും അഭിമുഖീകരിക്കേണ്ടി വരുന്ന ജീവിത ദുരിതങ്ങൾ സംബന്ധിച്ചും ഒരു റിപ്പോർട്ട് വെള്ള പേപ്പറിൽ തയ്യാറാക്കി അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്.

**അർഹത മാനദണ്ഡം**

1. അപേക്ഷകരുടെ വാർഷിക കുടുംബ വരുമാനം 50,000/- രൂപയിൽ താഴെയായിരിക്കണം.
2. അപേക്ഷകർക്ക് പ്രായ പൂർത്തിയായ തൊഴിൽ ചെയ്യുന്ന മക്കൾ (ബുദ്ധിമാന്ദ്യം ഉള്ളവർ, അവിവാഹിതരായ പെൺകുട്ടികൾ ഉള്ളവർ, കിടപ്പ് രോഗികൾ ഉള്ള കുടുംബം ഒഴികെ) ഉണ്ടായിരിക്കരുത്.
3. സർക്കാർ തലത്തിൽ ധനസഹായം ലഭിച്ചവർ Hമുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മറ്റും ) ഈ സഹായത്തിന് അർഹരല്ല.

സമൂഹത്തിൽ ഏറ്റവും ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് അടിയന്തിര ഘട്ടത്തിൽ ധനസഹായം (ഒറ്റത്തവണ) നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ആകയാൽ മാനദണ്ഡ പ്രകാരമല്ലാതെ ലഭിക്കുന്ന അപേക്ഷകൾ ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിയിലേയ്ക്ക് പരിഗണിക്കേണ്ടതില്ല. ഏറ്റവും അർഹരാണെന്ന് അന്വഷിച്ച് ബോദ്ധ്യപ്പെട്ട അപേക്ഷകൾ മാത്രമെ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാവൂ. ഇപ്രകാരം ദുരിതമനുഭവിക്കുന്ന കുടുംബങ്ങളുടെ വിവരങ്ങൾ പലപ്പോഴും പത്ര, ദൃശ്യ മാദ്ധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും വഴി ജന ശ്രദ്ധയിൽ വരുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ അപേക്ഷ നൽകിയില്ലെങ്കിൽപോലും ഇവരുടെ വീടുകൾ സന്ദർശിച്ച് ധനസഹായത്തിന് അർഹരാണ് എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ഇവരിൽ നിന്നും അപേക്ഷ എഴുതി വാങ്ങി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ആയതിനുള്ള നടപടിയും (ജില്ലാതല ഓഫീസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർ,സൂപ്പർവൈസർമാർI കൈകൊള്ളേണ്ടതാണ്. ഇത്തരത്തിൽ ദുരിതമനുഭവിക്കുന്ന ആളുകൾക്ക് വേണ്ടി മറ്റ് ബന്ധുക്കൾ പരിചയക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർ നൽകുന്നു അപേക്ഷയും പരിഗണിച്ച് മാനദണ്ഡങ്ങൾക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

## പടവുകൾ

കേരളത്തിൽ ജനങ്ങളുടെ ആയുർ ദൈർഘ്യം




വർദ്ധിച്ചിട്ടുണ്ടങ്കിലും അപകടങ്ങൾ, പെട്ടന്നുള്ള മരണം എന്നിവ ഏറി വരുന്നതായും പലപ്പോഴും ഇങ്ങനെയുള്ള വിധി വൈപരീത്വത്തിന് ഇരയാകുന്നത് പുരുഷൻമാരും അതിൽ തന്നെ ഭുരിഭാഗവും കുടുംബ നാഥൻമാരുമാണ്. ഇത്തരത്തിൽ വിധവകളാക്കപ്പെടുന്ന സ്ത്രീകളും കുട്ടികളും അരക്ഷിതാവസ്ഥയിലും അനാഥത്വത്തിലുമാണ് തുടർന്ന് ജീവിക്കുന്നത് ഇത്തരം കുടുംബത്തിൽപ്പെടുന്ന കുട്ടികളെയും കുടുംബങ്ങളെയും സംരക്ഷിക്കേണ്ടതും പുനരുദ്ധരിക്കേണ്ടതും ഭരണ വിഭാഗത്തിന്റെ പ്രധാന കടമകളിലൊന്നായി കാണേണ്ടതുണ്ട്. വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്നതാണ് 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

**പദ്ധതി മാനദണ്ഡം**

1. സർക്കാർ/സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പ്രൊഫഷണൽ കോഴ്സ് (MBBS, Engineering, MBA) ന് പഠിക്കുന്ന വിധവകളുടെ മക്കളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾN
2. ഓരോ കോഴ്സിനും നിശ്ചയിച്ചിട്ടുള്ള ട്യൂഷൻ ഫീസ് നൽകുന്നു. കൂടാതെ ഹോസ്റ്റൽ ഫീസ് (മെസ് ഫീസ് ഉൾപ്പെടെ) നൽകുന്നു.
3. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ/ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള കോളേജുകളിൽ പഠിക്കുന്നവരും കേരളത്തിൽ സ്ഥിതാമസമാക്കിയവരുമായിരിക്കണം.
4. കുടുംബത്തിന്റെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
5. പഠിക്കുന്ന സ്ഥാപനത്തിലെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ സംബന്ധിച്ച് നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
6. സർക്കാരിൽ നിന്നും മറ്റ് സ്കോളർഷിപ്പുകൾ വാങ്ങുന്നവർ ഈ ധനസഹായത്തിന് അർഹരല്ല.
7. അങ്കണവാടി വർക്കർ/ഹെൽപ്പർ, ആശാവർക്കർമാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർ ഈ ആനുകൂല്യത്തിന് അർഹരല്ല.
8. ഒരു കുടുംബത്തിലെ രണ്ട് പേർക്ക് ധനസഹായത്തിന് അർഹതയുണ്ട്.

9. അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്.

**ധനസഹായത്തിന് അപേക്ഷിക്കേണ്ട വിധവും ഹാജരാക്കേണ്ട രേഖകളും**

1. അപേക്ഷാ ഫോറം
2. കോഴ്സ്, ഹോസ്റ്റൽ സർട്ടിഫിക്കറ്റ്
3. വിദ്യാർത്ഥിയുടെ മാതാവ് വിധവയാണെന്നും പുനർ വിവാഹം നടന്നിട്ടില്ലായെന്നുമുള്ള രേഖ (വില്ലേജ് ഓഫീസർ നൽകുന്നത്)
4. അപേക്ഷകയുടെ ബാങ്ക് പാസ്സ് ബുക്ക് കോപ്പി
5. മുൻവർഷം ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ഫീസടച്ച രസീതുകളുടെ പകർപ്പും ധനസഹായ തുക ഫീസ് തുകയെക്കാൾ അധികരിക്കുന്നില്ല എന്ന സാക്ഷ്യപത്രവും.

## മംഗല്യ




സാധുക്കളായ വിധവകൾ, നിയമപരമായി വിവാഹ ബന്ധം വേർപ്പെടുത്തിയവർ എന്നിവരുടെ പുനർ വിവാഹത്തിന് 25,000/- രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ് **'മംഗല്യ' പദ്ധതി.**

**പദ്ധതി മാനദണ്ഡം**

1. അപേക്ഷകർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ (മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവർI ആയിരിക്കണം.
2. ഭർത്താവിന്റെ മരണം കാരണം വിധവയായി തീർന്നവർ നിയമപ്രകാരം വിവാഹ മോചനം നേടിയവർ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞവർ, ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവർ എന്നിവർക്കാണ് അർഹത.
3. പുനർ വിവാഹം രജിസ്റ്റർ ചെയ്തിരിക്കണം.
4. അപേക്ഷകർ 18 നും 50 നും മദ്ധ്യേ പ്രായമുള്ളവർ ആയിരിക്കണം.
5. വിവാഹം കഴിഞ്ഞ് 6 മാസത്തിനകം അപേക്ഷ സമർപ്പിക്കണം.

**അപേക്ഷിക്കേണ്ട വിധം**

1. അപേക്ഷ ഫോറം (നിശ്ചിത മാതൃകയിലുള്ളത്.)
2. ആദ്യ വിവാഹത്തിലെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്
3. വിവാഹ ബന്ധം വേർപ്പെടുത്തിയവർ ആയതിന്റെ കോടതി ഉത്തരവ് /ഭർത്താവിനെ കാണാതായവർ, ഭർത്താവ് ഉപേക്ഷിച്ചവർ എന്നിവർക്ക് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്.

4. അപേക്ഷകയുടെ ജനനതീയതി തെളിയിക്കുന്ന രേഖ
5. പുനർ വിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ പകർപ്പ്
6. അപേക്ഷകയുടെ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്
7. റേഷൻ കാർഡിന്റെ കോപ്പി

## സഹായഹസ്തം




സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'സഹായഹസ്തം' ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യൂഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് 30,000/- രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു. ഒരു ജില്ലയിൽ നിന്നും ഒരു വർഷം 10 പേർക്ക് ഇപ്രകാരം ധനസഹായം അനുവദിക്കുന്നു.

**അർഹത മാനദണ്ഡം**

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിൽ താഴെ പ്രായമുള്ള വിധവകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾN
2. കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, വനിതാ കൂട്ടായ്മകൾ തുടങ്ങിയ ഗ്രൂപ്പുകളിൽ അംഗങ്ങളായിട്ടുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും.
3. ഗുണഭോക്താവിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം.
4. 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ ഉള്ളവർ, ഭിന്നശേഷിക്കാരായ മക്കൾ, പെൺകുട്ടികൾ മാത്രമുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.
5. ഈ പദ്ധതി പ്രകാരം മുൻപ് ധന സഹായം ലഭിച്ചിട്ടുള്ളവർ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്ന് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിച്ചിട്ടുള്ളവർ എന്നിവർ ഈ ധനസഹായത്തിന് അർഹരല്ല.
6. ഒറ്റത്തവണ ധനസഹായം കൊണ്ട് തുടങ്ങുന്ന സംരഭം കുറഞ്ഞത് 5 വർഷമെങ്കിലും നടപ്പാക്കിയിരിക്കണം.

**പദ്ധതി നടപ്പിലാക്കുന്ന വിധം**

ഓരോ വർഷവും ശിശു വികസന പദ്ധതി ഓഫീസർ മുഖേനെ അപേക്ഷകൾ സ്വീകരിച്ച് ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യൂവേഷൻ കമ്മിറ്റി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നു.

## വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം

വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് അർഹമായ ധനസഹായം നൽകി അവർക്ക് സ്വയം പര്യപ്തത നേടുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**ഈ പദ്ധതി പ്രകാരം ഒരു അദ്ധ്യായന വർഷത്തിൽ അനുവദിക്കുന്ന തുക**

1. 5th ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഒരദ്ധ്യായന വർഷം 3000/- രൂപ നൽകുന്നു.
2. 6th ക്ലാസ് മുതൽ10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഒരദ്ധ്യായന വർഷം 5000/- രൂപ നൽകുന്നു.
3. +1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 7500/- രൂപ നൽകുന്നു.
4. ഡിഗ്രി തലത്തിലും അതിനു മുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 10000 രൂപ അനുവദിക്കുന്നു.

**പദ്ധതി മാനദണ്ഡം**

1. അപേക്ഷകർ മുൻഗണനാ വിഭാഗത്തിൽ Hബി.പി.എൽI ഉൾപ്പെട്ടവരായിരിക്കണം.
2. വിദ്യാർത്ഥികൾ സർക്കാർ സ്കൂൾ (കോളേജുകളിലോ പഠിക്കുന്നവരായിരിക്കണം.
3. വിവാഹ മോചിതർ, ഭർത്താവ് ഉപേക്ഷിച്ചവർ, ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞവർ എന്നിവരുടെ മക്കൾ ഈ ധനസഹായത്തിന് അർഹരാണ്.
4. ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ് /പക്ഷാഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്തവിധം കിടപ്പിലായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ധനസഹായത്തിന് അർഹതയുണ്ട്. (സർക്കാർ ഡോക്ടർമാർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.
5. നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ട്.
6. HIV, AIDS ബാധിതർ സാമൂഹികമായി വിവേചനം അനുഭവിക്കുന്നവർ തുടങ്ങിയ കുടുംബത്തിലെ കുട്ടികൾ HAPL) ധനസഹായത്തിന് അർഹരാണ്.

**അപേക്ഷിക്കേണ്ട വിധവും ഹാജരാക്കേണ്ട രേഖകളും**

1. അപേക്ഷ ഫോറം (നിശ്ചിത മാതൃകയിലുള്ളത്.)
2. മറ്റ് സ്കോളർഷിപ്പ് ഒന്നും ലഭിക്കുന്നില്ലായെന്നുള്ള വിദ്യാഭ്യാസ അധികാരിയുടെ സാക്ഷ്യപത്രം..
3. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നത് സംബന്ധിച്ച രേഖ (റേഷൻ കാർഡിന്റെ കോപ്പി)
4. ഭർത്താവ് ഉപേക്ഷിച്ചത്/വിവാഹ മോചനം നേടിയത് /ഭർത്താവിനെ

കാണാതായിട്ട് ഒരു വർഷം കഴിഞ്ഞത് സംബന്ധിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സാക്ഷ്യ പത്രം.

5. അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

## ആശ്വാസനിധി



അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും ഗുരുതരമായ ക്ഷതങ്ങളോ രോഗങ്ങളോ ഉണ്ടാകാറുണ്ട്. ആസിഡ് അതിക്രമങ്ങൾ അതിജീവിച്ചവർക്ക് പലപ്പോഴും ജീവിതകാലം മുഴുവൻ ഘട്ടംഘട്ടമായുള്ള ശാരീരിക മാനസിക ചികിത്സകൾ വേണ്ടിവരുന്നു. ഇത്തരത്തിലുള്ളവർക്ക് അടിയന്തിര ധനസഹായമെന്ന നിലയിൽ ആരംഭിച്ച പദ്ധതിയാണ് ആശ്വാസനിധി. വനിതസംരക്ഷണ ഓഫീസറും ജില്ലാ ശിശുസംരക്ഷണ ഓഫീസറും തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടും ശുപാർശയും സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനിതശിശുവികസന വകുപ്പ് ഡയറക്ടർ ധനസഹായം അർഹതപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു.

**അർഹരായ ഗുണഭോക്താക്കൾ**

ലൈംഗീകാതിക്രമം അതിജീവിച്ചവർ, ആസിഡ് ആക്രണം അതിജീവിച്ച സ്ത്രീകളും കുട്ടികളും, ഗാർഹിക പീഡനത്തിന് വിധേയരായവർ, ഹീനമായ ലിംഗവിവേചനം അതിജീവിച്ചവർ

**ആവശ്യമായ രേഖകൾ**

1. അതിക്രമത്തിനിരയായവരുടെ പേര്, മേൽവിലാസം (ഫോൺ നം. സഹിതം)
2. വനിത സംരക്ഷണ ഓഫീസർ/ജില്ലാ ശിശുസംരക്ഷണ ഓഫീസറുടെ ശുപാർശ റിപ്പോർട്ട്
3. എഫ്ആർ.ഐ.ഡി/ആർ.ഐ.
4. ബാങ്ക് പാസ് ബുക്ക്
5. ആധാർ
6. മെഡിക്കൽ റിപ്പോർട്ട്
7. ലീഗൽ റിപ്പോർട്ട്
8. പോലീസ് റിപ്പോർട്ട്

**സേവനതരം**

ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുകയോ സ്വമേധയാ

വെളിപ്പെടുകയോ ചെയ്താൽ വനിതശിശുവികസന വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരണമായി കുട്ടികളുടെ പരാതിയിൽ ജില്ലാ ശിശുസംരക്ഷണ ഓഫീസറും സ്ത്രീകളുടെ പരാതിയിൽ വനിത സംരക്ഷണ ഓഫീസറും പരാതി നിർഭയ സെല്ലിന്റെ സംസ്ഥാന കോർഡിനേറ്ററുടെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

**സാമ്പത്തിക സഹായം**

വിവിധ പരാതികളിൽ ആശ്വാസധനമായി അനുവദിക്കാവുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പരിക്കിന്റെ വിശദാംശങ്ങൾ | കുറഞ്ഞ പരിധി | ഉയർന്ന പരിധി |
|---|---|---|---|
| 1 | പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ | 50,000/- രൂപ | 1,00,000/- രൂപ |
| | · ലൈംഗീകാതിക്രമം | | |
| | · രൂക്ഷമായ ലൈംഗീകാതിക്രമം | | |
| 2 | ബലാത്സംഗം/ക്രൂരമായ ബലാത്സംഗം/ പ്രകൃതിവിരുദ്ധ ലൈംഗീക കുറ്റകൃത്യങ്ങൾ | 50,000/- രൂപ | 1,00,000/- രൂപ |
| 3 | ജീവിത നഷ്ടം | 50,000/- രൂപ | 1,00,000/- രൂപ |
| 4 | ഗാർഹിക പീഡനം മൂലം ഗുരുതരമായ ശാരീരിക പരിക്ക്/മാനസിക പരിക്ക് | 25,000/- രൂപ | 50,000/- രൂപ |
| 5 | മനുഷ്യക്കടത്തലിൽ നിന്ന് രക്ഷപ്പെട്ട സ്ത്രീകളും കുട്ടികളും | 25,000/- രൂപ | 50,000/- രൂപ |
| 6 | ആസിഡ് ആക്രമണത്തിന് വിധേയരായവർ | 1,00,000/- രൂപ | 2,00,000/- രൂപ |
| 7 | ബലാത്സംഗം മൂലം ഗർഭിണികളായവർ | 50,000/- രൂപ | 1,00,000/- രൂപ |
| 8 | ശരീരത്തിന്റെ ഏതെങ്കിലും അവയവമോ ഭാഗമോ നഷ്ടപ്പെടുന്നത് | 50,000/- രൂപ | 1,00,000/- രൂപ |
| 9 | ആക്രമണത്തിന്റെ ഫലമായുണ്ടാകുന്ന ഗർഭം അലസൽ | 50,000/- രൂപ | 1,00,000/- രൂപ |
| 10 | പൊള്ളലിന് വിധേയരായവർ | 50,000/- രൂപ | 1,00,000/- രൂപ |

**എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്**

ജില്ലാ ശിശുസംരക്ഷണ ഓഫീസ്/ജില്ലാ വനിത സംരക്ഷണ ഓഫീസ്.

**സേവന രീതി**

ജില്ലാ വനിത സംരക്ഷണ ഓഫീസറും ജില്ലാ ശിശുസംരക്ഷണ ഓഫീസറും തയ്യാറാക്കി സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ടിന്റെയും ശുപാർശ തുകയുടെയും അടിസ്ഥാനത്തിൽ വനിത ശിശുവികസന വകുപ്പ് ഡയറക്ടർ സ്റ്റേറ്റ് നിർഭയസെൽ കോർഡിനേറ്റർ മുഖേന നടപടി സ്വീകരിക്കുന്നതാണ്. സ്ത്രീകൾക്ക് അവരുടെ അക്കൌണ്ടിലേക്കും പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് കുട്ടിയുടെയും രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൌണ്ടിലേക്ക് നേരിട്ട് 5 ദിവസത്തിനുള്ളിൽ ശുപാർശ ചെയ്യുന്ന ഇടക്കാല ദുരിതാശ്വാസ തുക 5 ദിവസത്തിനുള്ളിൽ വിതരണംചെയ്യും.

**സർവ്വീസ് ഫ്ളോ പാറ്റേൺ**

ജില്ലാ വനിത സംരക്ഷണ ഓഫീസറും ജില്ലാ ശിശുസംരക്ഷണ ഓഫീസറു തയ്യാറാക്കി സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ടിന്റെയും ശുപാർശ തുകയുടെയും അടിസ്ഥാനത്തിൽ വനിത ശിശുവികസന വകുപ്പ് ഡയറക്ടർ സ്റ്റേറ്റ് നിർഭയസെൽ കോർഡിനേറ്റർ മുഖേന നടപടി സ്വീകരിക്കുന്നതാണ്. സ്ത്രീകൾക്ക് അവരുടെ അക്കൌണ്ടിലേക്കും പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് കുട്ടിയുടെയും രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൌണ്ടിലേക്ക് നേരിട്ട് 5 ദിവസത്തിനുള്ളിൽ ശൂപാർശ ചെയ്യുന്ന ഇടക്കാല ദുരിതാശ്വാസ തുക 5 ദിവസത്തിനുള്ളിൽ വിതരണം ചെയ്യും. ഏതെങ്കിലും വിധത്തിൽ പീഡനത്തിന്/ആക്രമണത്തിന് വിധേയാരായവർ മരണപ്പെടുകയാണെങ്കിൽ ആശ്വാസ ധനസഹായം അവരുടെ ബന്ധുക്കളുടെ (അച്ഛന്റെയോ/ അമ്മയുടെയോ) ബാങ്ക് അക്കൌണ്ടിലേക്ക് തുക നിക്ഷേപിക്കുന്നതാണ്.

## ബേഠി ബച്ചാവോ ബേഠി പഠാവോ

രാജ്യത്ത് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അനുപാതം കുറഞ്ഞ് വരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഒരു മാസ് ക്യാമ്പയിനായി ഉയർത്തി കൊണ്ട് പെൺകുട്ടികളുടെ ശാക്തീകരണം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി രാജ്യത്ത് തെരഞ്ഞെടുക്കപ്പെട്ട 100 ജില്ലകളിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ബേഠി ബച്ചാവോ ബേഠി പഠാവോ. കേരളത്തിൽ തൃശ്ശൂർ ജില്ലയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## കൈതാങ്ങ്

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളുടെ എണ്ണം വർദ്ധിച്ചതിന്റെ പശ്ചാത്തലത്തിൽ, ഇത്തരം അതിക്രമങ്ങൾ തടയുന്നതിനുള്ള പ്രതിരോധ നടപടികൾ



പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകൾ വിവിധ മേഖലകളിൽ കൂട്ടായി പ്രവർത്തിക്കുന്നു. 'കൈതാങ്ങ് ' പദ്ധതി എന്ന സംരംഭത്തിന്റെ ഭാഗമായി കുടുമ്പശ്രീ, ആശാ വർക്കേഴ്സ്, മഹിലാപ്രദാൻ ഏജന്റുമാർ, ജനമൈത്രി പോലീസ്, യൂത്ത് ക്ലബ്ബുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയ്ക്കൊപ്പം ഒരു പ്രതികരണ സംഘം രൂപീകരിക്കുന്നതിന് ഈ വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പാക്കും. തിരഞ്ഞെടുത്ത ഓരോ വാർഡിലും മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവ മൂലം തകർന്ന കുടുംബങ്ങളെയും ദുർബല കുടുംബങ്ങളെയും പ്രതികൂലമായി ബാധിച്ച കുടുംബങ്ങളെയും തിരിച്ചറിയുക, അവർക്ക് ആവശ്യമായ സാമൂഹിക പിന്തുണ നൽകിക്കൊണ്ട് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പ്രതിബദ്ധതയുള്ള ഒരു സാമൂഹ്യ പ്രവർത്തകൻ വിവിധ വകുപ്പുകളുമായി ഏകോപിപ്പിക്കുകയും അതുവഴി അത്തരം നിരാലംബരായ കുടുംബങ്ങൾക്ക് സഹായം നൽകുകയും ചെയ്യും.

## ശ്രദ്ധ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ, വനിത ശിശുവികസന വകുപ്പ് ഉദ്യോഗസ്ഥർക്കും സേവന ദാതാക്കൾക്കും നിയമപരമായ അവബോധം നൽകുന്ന 'ശ്രദ്ധ' എന്ന പുതിയ പദ്ധതിക്ക് തുടക്കമിട്ടു. സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ തിരിച്ചറിയാനും അത്തരം അതിക്രമങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സാമൂഹിക ഉത്തരവാദിത്തത്തെക്കുറിച്ച് വെളിച്ചം വീശാനും കഴിയുന്ന ഒരു അംഗീകൃത സമൂഹം കെട്ടിപ്പടുക്കുകയെന്നതാണ് ഈ പദ്ധതി.

അത്തരം അക്രമങ്ങളെ ചെറുക്കുന്നതിനുള്ള ഫലപ്രദമായ തന്ത്രമെന്ന നിലയിൽ വിവിധ സ്ത്രീകളുമായി ബന്ധപ്പെട്ട നിയമനിർമ്മാണങ്ങൾക്ക് കീഴിൽ നൽകുന്ന അടിസ്ഥാന നിയമപരമായ അവകാശങ്ങളെയും പരിഹാരങ്ങളെയും കുറിച്ച് പ്രായോഗിക അറിവ് പൊതുജനങ്ങൾക്ക് നൽകും. ഈ സംരംഭത്തിന്റെ ഭാഗമായി വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ, സേവന ദാതാക്കൾ, റെസിഡൻഷ്യൽ കോളേജുകൾ, യൂത്ത് ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വോളന്റിയർമാർ, മഹിളാ പ്രദാൻ ഏജന്റുമാർ, ആശാ വർക്കേഴ്സ്, സാക്ഷരത പ്രേരക് എന്നിവർക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകും.



## കൗമാരക്കാരായ പെൺകുട്ടികൾക്ക് സൈക്കോ-സോഷ്യൽ സേവനങ്ങൾ

ഒരു യോഗ്യതയുള്ള ലേഡി കൗൺസിലർ തിരഞ്ഞെടുത്ത സ്കൂളുകളിൽ ഏർപ്പെടുന്നു. കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

**കടമകൾ**

1. സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടിക്ക് കൗൺസിലിംഗ് നൽകുക.
2. സമ്മർ ക്ലാസുകൾ നടത്തുന്നു.
3. രക്ഷാകർതൃ വിദ്യാഭ്യാസം.
4. ആരോഗ്യ വിദ്യാഭ്യാസവും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളും പോലുള്ള മറ്റ് വകുപ്പുകളുമായി ഏകോപിപ്പിച്ച് ആരോഗ്യ പരിശോധനയും അനുബന്ധ പ്രവർത്തനങ്ങളും നടപ്പാക്കുന്നു.
5. അങ്കണവാടികളിലെ കൗൺസിലിംഗ് - അമ്മമാർക്കും കൗമാരക്കാരായ പെൺകുട്ടികളുടെ ക്ലബ്ബിനുമുള്ള മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കാൻ ഈ കൗൺസിലർമാർക്ക് ടിഎ നൽകപ്പെടുന്നു.

മേൽപ്പറഞ്ഞ വിഹിതം കൂടാതെ സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീന്റെ അറ്റകുറ്റപ്പണികളും പുനരധിവാസവും, നാപ്കിന്റെ വില, നാപ്കിന്റെ സർക്കാർ വിഹിതം, കൗൺസിലർമാർക്ക് ഓണറേറിയം, ടിഎ, പുതിയ കൗൺസിലിംഗ് കേന്ദ്രങ്ങളിലേക്ക് അടിസ്ഥാന സൗകര്യങ്ങൾ എന്നിവക്കും ധനസഹായം ഏർപ്പെടുത്തിയിട്ടുണ്ട്.



# സ്ഥാപനങ്ങൾ

## എന്റെ കൂട്

നിരാലംബരായ സ്ത്രികൾക്കും കുട്ടികൾക്കും രാത്രി കാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ വിഭാവനം ചെയ്ത **എന്റെ കൂട്** പദ്ധതി സംസ്ഥാനത്ത് കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നടപ്പിലാക്കുന്നു. 2015-ൽ കോഴിക്കോട് കസബ പോലീസ് സ്റ്റേഷനു സമീപവും 2018-ൽ തിരുവനന്തപുരം തമ്പാനൂർ ബസ് ടെർമിനലിലെ K.T.D.F.C കെട്ടിടത്തിലും പ്രവർത്തനം ആരംഭിച്ചു.

**ഗുണഭോക്താക്കൾക്കുള്ള യോഗ്യത**

സ്ത്രികൾ, കുട്ടികൾ, 12 വയസ്സിനു താഴെയുള്ള ആൺകുട്ടികൾ എന്നിവർക്കാണ് പ്രവേശനം അനുവദിക്കുന്നത്. അശരണരായ വനിതകൾക്ക് മുൻഗണന ഉണ്ടായിക്കുന്നതാണ്. (കുട്ടികൾക്ക് മാത്രമായി അഡ്മിഷൻ അനുവദിക്കുന്നതല്ല.)

**സേവനം**

സ്ഥാപനത്തിന്റെ പ്രവർത്തന സമയം വൈകുന്നേരം 7 മണി മുതൽ പിറ്റേന്ന് രാവിലെ 7 മണി വരെയാമ്.

**പ്രവേശനം**

1. വെളുപ്പിനു 3 മണിവരെ എത്തുന്നവർക്ക് ആവശ്യമെങ്കിൽ പ്രവേശനം അനുവദിക്കുന്നതായിരിക്കും.
2. രാത്രി 8 മണി വരെ പ്രവേശനം നേടുന്ന താമസക്കാർക്ക് സൗജന്യ രാത്രി ഭക്ഷണം ഉണ്ടായിരിക്കേണ്ടതാണ്.

**ഹാജരാക്കേണ്ട രേഖ**

സർക്കാർ അംഗീകൃത ID കാർഡിന്റെ അസൽ

**നിബന്ധനകൾ**

1. മാസത്തിൽ ഒരാൾക്ക് പരമാവധി 3 ദിവസത്തേയ്ക്ക് മാത്രമാണ് പ്രവേശനം അനുവദിക്കുക.
2. അടിയന്തിര സാഹചര്യങ്ങളിൽ 3 ദിവസങ്ങളിൽ കൂടുതൽ താമസിക്കേണ്ടി വന്നാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനു 150/- രൂപ ക്രമത്തിൽ അടച്ച് പ്രവേശനം നേടാവുന്നതാണ്.

3. ഫ്രഷ് ആകുന്നതിനു മാത്രമായി പ്രവേശനം അനുവദിയ്ക്കുന്നതല്ല. ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിൽ ഫ്രഷ് ആകുന്നതിന് മാത്രം പ്രവേശനം വേണ്ടി വന്നാൽ 100/- രൂപ അടച്ച് പ്രവേശനം നേടാവുന്നതാണ്.

**പരാതികൾ/ആക്ഷേപങ്ങൾ**

സ്ഥാപനത്തിന്റെ പ്രവർത്തനം, ജീവനക്കാരുടെ പെരുമാറ്റം എന്നിവ സംബന്ധിച്ചുള്ള പാരാതികൾL നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസറേയോ അല്ലെങ്കിൽ വനിതാ ശിശു വികസന ഡയറക്ടരെ സമീപിക്കാവുന്നതാണ്.

## വൺ ഡേ ഹോം (ഏകദിന വസതി)

തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് തനിച്ച് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒരു ഏകദിന വസതി (One Day Home) എന്ന പദ്ധതി തിരുവനന്തപുരം തമ്പാനൂർ KSRTCടെർമിനൽ സ്റ്റേഷനിൽ ഉള്ള കെട്ടിട സമുച്ചയത്തിലെ 8-ാ0 നിലയിൽ തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനു സൂചന (1) പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു.

**മാർഗ്ഗ നിർദ്ദേശങ്ങൾ**

1. തിരുവനന്തപുരം തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി എത്തുന്ന സ്ത്രീകൾL പെൺകുട്ടികൾL അമ്മമാരോടൊപ്പമുള്ള 12 വയസ്സുവരെയുള്ള ആൺകുട്ടികൾ എന്നിവർക്കാണ് പ്രവേശനം അനുവദിക്കുന്നത്. അശരണരായ വനിതകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
2. ടി സ്ഥാപനത്തിന്റെ പ്രവേശന സമയം രാവിലെ 6 മണി മുതൽ വൈകുന്നേരം 7 മണി വരെയാണ്.
3. പ്രവേശനത്തിന് അഡ്വാൻസ് ബുക്കിംഗ് ഉണ്ടായിരിക്കുന്നതല്ല.
4. പ്രവേശന സമയത്ത് തിരുവനന്തപുരത്ത് എത്തിയതിന്റെ കാരണം ജീവനക്കാരെ ബോധ്യപ്പെടുത്തേണ്ടതാണ്.
5. ഫ്രഷ് ആകുന്നതിന് മാത്രമായി പ്രവേശനം അനുവദിക്കുന്നതല്ല.
6. ഒരാൾക്ക് 1 ദിവസത്തേയ്ക്കു് മാത്രമാണ് പ്രവേശനം അനുവദിക്കുക. ഒരു ദിവസത്തിന് 250 രൂപയാണ് ഫീസ്. അടിയന്തര സാഹചര്യങ്ങളിൽ 3 ദിവസംവരെ പ്രവേശനം അനുവദിക്കുന്നതാണ്. ഒരു ദിവസത്തിൽ കൂടുതൽ താമസിക്കേണ്ടി വന്നാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനും 300/-രൂപ ക്രമത്തിൽ അടച്ച് പ്രവേശനം നേടാവുന്നതാണ്. 3 ദിവസത്തിനു കൂടുതൽ അനുവദനീയമല്ല.
7. അഡ്മിഷൻ സമയത്ത് ഒറിജിനൽ ഐ.ഡി. പ്രൂഫ് ഹാജരാക്കേണ്ടതാണ്.
8. മറ്റുള്ള താമസകാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള പെരുമാറ്റം അനുവദനീയമല്ല. താമസക്കാർ സ്ഥാപനത്തിൽ അച്ചടക്കം പാലിക്കേണ്ടതാണ്.

9. സ്ഥപനത്തിലെ വസ്തുവകകളോ, ഉപകരണങ്ങളോ കേടുവരുത്തുവാൻ പാടുള്ളതല്ല. കേട് വരുത്തിയാൽ കേടായ വസ്തുവിന്റെ വിലയ്ക്ക് തുല്യമായ തുക ഫൈൻ ആയി ഈടാക്കുന്നതാണ്.
10. താമസക്കാരുടെ സാധന സാമഗ്രികൾ അവരവർ തന്നെ സൂക്ഷിക്കേണ്ടതാണ്.
11. സ്ഥാപനത്തിൽ താമസിക്കുന്നവർ മറ്റുള്ള താമസക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ മൊബൈൽ ഫോൺ ഉപയോഗിക്കേണ്ടതാണ്.
12. സ്ഥാപനത്തിന്റെ പ്രവർത്തനം ജീവനക്കാരുടെ പെരുമാറ്റം എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികൾL നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ directorate.wcd@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ ഓഫീസ് പ്രവർത്തി സമയങ്ങളിൽ 0471-2346508 എന്ന ഫോൺ നമ്പരിലോ അറിയിക്കാവുന്നതാണ്.
13. സ്ഥാപനത്തിലെ ജീവനക്കാരുടെ ബന്ധുക്കളെ അനധികൃതമായി സ്ഥാപനത്തിൽ താമസിപ്പിക്കാൻ പാടുള്ളതല്ല.
14. മേൽ നിർദ്ദേശങ്ങൾ വകുപ്പിലെ ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ താമസക്കാർക്കും ബാധകമായിരിക്കും.

## നിർഭയ

വനിത ശിശുവികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയസെൽ മുഖേന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗീക അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി കേരള സർക്കാർ GO(MS)17/2012/SWD dt. 13.3.2012 പ്രകാരം അംഗീകരിച്ച് നടപ്പിലാക്കി വരുന്ന നൂതന നയപരിപാടിയാണ് നിർഭയനയം . ലൈംഗീക പീഡനം, ലൈംഗീകാതിക്രമം, ലൈംഗീക വൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് നിർഭയപോളിസി മുൻതൂക്കം നൽകുന്നത്നിർഭയപോളിസി പ്രകാരം . സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗീക അതിക്രമം തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് സ്റ്റേറ്റ് നിർഭയസെൽ ലക്ഷ്യമിടുന്നത്.

## വിമൺ ആന്റ് ചിൽഡ്രൻ ഹോം



വനിത ശിശുവികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗീക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ പതിമൂന്ന് ഹോമുകൾ തിരുവനന്തപുരംകൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കാസർഗോഡ്കണ്ണൂർ , എന്നീ ജില്ലകളിൽ സന്നദ്ധസംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ ഹോം ഇല്ലാത്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ കേരള മഹിള സമഖ്യ സൊസൈറ്റി എന്ന സന്നദ്ധ സംഘടനയുടെ മേൽനോട്ടത്തിൽ ഹോം ആരംഭിക്കാനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നുവിമൺ ആന്റ് ചിൽഡ്രൻ ഹോമുകളിലെ താമസക്കാരുടെ . പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൌൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഹോമുകളിലൂടെ .നൽകിവരുന്നു

## എസ്.ഒ.എസ്. മോഡൽ ഷെൽട്ടർ ഹോം



12 വയസ്സിനു താഴെയുള്ള ലൈംഗീക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് തിരുവനന്തപുരം ജില്ലയിൽ 16.11.18 ൽ മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ എസ്.ഒ.എസ്. ഹോമിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ലൈംഗീക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത ഹോം ഉറപ്പാക്കും. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ കുട്ടികൾക്കായി കോഴിക്കോട് ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

## ഹോം ഫോർ മെന്റൽ ഹെൽത്ത്

വിമൺ ആന്റ് ചിൽഡ്രൻ ഹോമിലെ നിലവിലെ താമസക്കാരിൽ മാനസിക വെല്ലുവിളി നേരിടുന്നവരും കടുത്ത മാനസിക ആഘാതം ഉള്ളവർക്കും പ്രത്യേക പരിചരണം ആവശ്യമുള്ളവർക്കുവേണ്ടിയുള്ള ഹോം ജൂലൈ 1 മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## വൺസ്റ്റോപ്പ് സെന്റർ (OSC)

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനമാണ് സഖി വൺസ്റ്റോപ്പ് സെന്റർ. കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തോടം വനിതശിശുവികസന വകുപ്പിലെ സ്റ്റേറ്റ് നിർഭയസെൽ നോഡൽ ഏജൻസിയായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്കീം നടപ്പിലാക്കുന്നത്. തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നു. 2018-19 സാമ്പത്തിക വർഷം ബാക്കി 9 ജില്ലകളിൽ കൂടി വൺസ്റ്റോപ്പ് സെന്റർ ആരംഭിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉജ്ജ്വല പദ്ധതി

ലൈംഗിക ചൂഷണംതടയുക, ചൂഷണത്തിനിരയായവരെ മോചിപ്പിക്കുക, അവരെ പുനരധിവസിപ്പിക്കുക, പുനരേകീകരിക്കുക, സമൂഹത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവരുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു അംഗീകൃത സംഘടനകൾക്ക് ധനസഹായം അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉജ്ജ്വല.




ടി പദ്ധതി പ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി prevention ഇനത്തിൽ ഒരു ഹോമിനു 1,00,000/- രൂപയും Rehabilitation ഇനത്തിൽ ഒരു ഹോമിനു 25,23,500/- രൂപയും എന്ന നിരക്കിൽ 60:30:10 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രം, സംസ്ഥാനം, സംഘടന എന്നിവർ വഹിക്കുന്നു.

**ലക്ഷ്യങ്ങൾ**

1. ബോധവത്ക്കരണ പരിപാടികൾ സെമിനാറുകൾL പ്രഭാഷണങ്ങൾ എന്നിവ വഴി ജനങ്ങളിൽ അവബോധം സൃഷ്ടിച്ച് സ്ത്രീകളിലേയും കുട്ടികളിലേയും ലൈംഗിക ചൂഷണം തടയുക.
2. ചൂഷണം നടന്ന സ്ഥലത്ത് നിന്നും ഇരകളെ മോചിപ്പിച്ച് സുരക്ഷിത സ്ഥലങ്ങളിൽ എത്തിയ്ക്കുക.
3. ചൂഷണത്തിന് ഇരയായവർക്ക് താമസം, വസ്ത്രം, ഭക്ഷണം, കൗൺസലിംഗ്, വൈദ്യസഹായം, നിയമ സഹായം, തൊഴിൽ പരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുക.
4. ചൂഷണത്തിനു ഇരയായവരെ പുനരേകീകരിച്ച് കുടുംബത്തിലേക്കും സമൂഹത്തിലേയ്ക്കും തിരികെ എത്തിക്കുക.
5. ചുഷണത്തിനിരയായ പ്രവാസികളെ പുനരധിവസിപ്പിക്കുക.
6. നിലവിൽ 3 ഹോമുകളാണ് ഉജ്ജ്വല പദ്ധതി പ്രകാരം പ്രവർത്തിച്ചു വരുന്നത്.
7. കൾച്ചറൽ അക്കാഡമി ഫോർ പീസ്, എറണാകുളം – Prevention and Rehabilitation.
8. സെന്റ് ബർണഡിറ്റ് ഹോം ഫോർ വിമൻL കോഴിക്കോട് – Rehabilitation.
9. പി.സരോജിനി അമ്മ സ്മാരക മഹിളാ സമാജം, മഞ്ചേരി, മലപ്പുറം. – Prevention.

## സ്വധാർ ഗൃഹ്




ദുഷ്കരമായ സാഹചര്യങ്ങളിലും വിവിധ ജീവിത പ്രതിസന്ധികളിലും ചൂഷ്ണത്തിനു വിധേയമാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും താൽക്കാലിക താമസസൗകര്യം, പുനരധിവാസം, വൈദ്യസഹായം, നിയമസഹായം മുതലായവ നൽകി ജീവിത്തിലേയ്ക്ക് തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്വധാർ ഗൃഹ്. പദ്ധതി നടത്തിപ്പിനാവശ്യമായ തുക 60:40 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. പ്രസ്തുത പദ്ധതി NGOകൾ മുഖേനയാണ് നടപ്പിലാക്കുന്നത്.

**ലക്ഷ്യങ്ങൾ**

1. സാമ്പത്തിക സാമൂഹികമായും ബുദ്ധിമുട്ടുന്ന ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും താൽക്കാലിക താമസ സൗകര്യം, ഭക്ഷണം, വൈദ്യസഹായം, നിയമ സഹായം എന്നിവ നൽകുക.
2. ദുഷ്ക്കര സാഹചര്യങ്ങളിലും വിവിധ ജീവിത പ്രതിസന്ധികളിലും പെട്ട് മാനസികമായി തളർന്ന സ്ത്രികൾക്ക് വൈകാരിത പിന്തുണ നൽകി ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടു വരികയ
3. നിയമസഹായവും പിന്തുണയും നൽകി അവരെ കുടുംബ ജീവിതത്തിലേയ്ക്കും സമൂഹത്തിലേയ്ക്കും തിരികെ കൊണ്ടുവരിക.
4. മാനസികവും സാമ്പത്തികവുമായി അവരെ പുനരധിവസിപ്പിക്കുക.
5. മാനസിക പിരിമുറക്കമനുഭവിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവർക്ക് വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുക.
6. മാനസിക സമ്മർദ്ദത്തിൽനിന്നുള്ള കാരണങ്ങൾ ബോധ്യമാക്കി അവരെ അതിൽ നിന്നും മുക്തരാക്കി പുതിയ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുക.




**സേവനങ്ങൾ**

- ദുരിതമനുഭവിക്കുന്ന സ്ത്രികൾക്ക് താൽക്കാലിക താമസസൗകര്യം, ഭക്ഷണം, വൈദ്യ സഹായം നൽകുക.
- തൊഴിൽ പരിശീലനങ്ങൾ നൽകി സ്ത്രീകളെ പുനരധിവസിപ്പിക്കുക.
- കൗൺസലിംഗ് നൽകുക.

- നിയമസഹായം നൽകുക.

**ഗുണഭോക്താക്കൾ**

1. ഉപേക്ഷിക്കപ്പെട്ടതും സാമൂഹികമായും സാമ്പത്തികമായും പിന്തുണയില്ലാത്തവർN
2. പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട് വീട് നഷ്ടപ്പെട്ടവർN
3. ജയിൽ മോചിതമായ സ്ത്രീകൾN
4. ഗാർഹിക പീഡനം, കുടുംബപ്രശ്നം എന്നിവകാരണം വീട് ഉപേക്ഷിക്കപ്പെട്ടവർN
5. ലൈംഗിക ചൂഷണത്തിനിരയായവർN

**നിബന്ധനകൾ**

1. ഗാർഹീക പീഡനം നേരിട്ടവർക്ക് പരമാവധി 1 വർശം വരെ താമസ സൗകര്യം.
2. മറ്റു വിഭാഗത്തിൽപ്പെട്ടവർക്ക് പരമാവധി 3 വർഷം വരെ താമസസൗകര്യം .
3. 55 വയസ്സിനു മേൽ പ്രായമുള്ള സ്ത്രീകൾക്ക് പരമാവധി 5 വർഷംവരെ താമസ സൗകര്യം ലഭിക്കുന്നു. അതിനു ശേഷം അവരെ വൃദ്ധ സദനങ്ങളിൽ പാർപ്പിക്കുന്നു.
4. മേൽ പറഞ്ഞ സ്ത്രീകൾക്ക് ഒപ്പമുള്ള 18 വയസ്സുവരെയുള്ള പെൺകുട്ടികൾL 8 വയസ്സുവരെയുള്ള ആൺകുട്ടികൾ എന്നിവരെ സ്വധാർ ഗൃഹിൽ താമസിക്കവാൻ അനുവദിക്കുന്നു.

## സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ

ഗാർഹികാതിക്രമങ്ങൾക്ക് ഇരയായ വനിതകൾക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിന് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന ആക്ട്, 2005 (ഇനി മുതൽ ആക്ട്, 2005 എന്ന് പരാമർശിക്കപ്പെടുന്നത്)ന്റെ നടത്തിപ്പിൽ പ്രധാന പങ്ക് വഹിക്കേണ്ട ഏജൻസികളാണ്.

- ആക്ട്, 2005 സെക്ഷൻ 10(1) പ്രകാരം, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, 1860 അല്ലെങ്കിൽ കമ്പനി ആക്ട്, 1956/2013 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിന് (നിയമ സഹായം, വൈദ്യസഹായം, സാമ്പത്തിക സഹായം തുടങ്ങിയ കാര്യങ്ങൾI പ്രവർത്തിക്കുകയും ചെയ്യുന്ന ഏതെങ്കിലും സന്നദ്ധ സംഘടനകളെയാണ് സേവനദാതാക്കൾ HServicing Providing Centre) ആയി വിജ്ഞാപനം ചെയ്തിട്ടുള്ളത്.

- ആക്ട്, 2005 സെക്ഷൻ 30 പ്രകാരം സേവനദാതാക്കൾ 1860ലെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 21-ാം വകുപ്പിൽ നിർവ്വചിച്ചിരിക്കുന്ന പബ്ലിക്ക് സെർവന്റ് എന്ന ഗണത്തിൽപ്പെടുന്നു.

ആക്ട്, 2005ന്റെ നടത്തിപ്പിനും ഗാർഹിക പീഡനത്തിന് ഇരയാകുന്ന വനിതകൾക്ക് അടിയന്തിരവും കാര്യക്ഷമവുമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി സംസ്ഥാന സർക്കാർ എല്ലാ ജില്ലകളിലും വനിത സംരക്ഷണ ഓഫീസർമാരെ നിയമിക്കുകയും, സേവനദാതാക്കൾ, ചികിത്സാ സംവിധാനങ്ങൾ, ഷെൽട്ടർ ഹോമുകൾ എന്നിവയെ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**സേവനദാതാക്കളുടെ ചുമതലകൾ**

1. പരാതിക്കാരിയുടെ താത്പര്യ പ്രകാരം നിശ്ചിത ഫോറത്തിൽ ഗാർഹിക സംഭവ റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട മജിസ്ട്രേട്ട്, പ്രൊട്ടക്ഷൻ ഓഫീസർ എന്നിവർക്ക് നൽകേണ്ടതാണ്.
2. പരാതിക്കാരിയുടെ താത്പര്യ പ്രകാരം, ഒത്തുതീർപ്പ് ശ്രമങ്ങൾ നടത്തേണ്ടതുണ്ടെങ്കിൽ ഇരുകക്ഷികളെയും വിളിച്ച് വരുത്തി ഒത്തുതീർപ്പിന് ശ്രമിക്കേണ്ടതാണ്.
3. പ്രശ്ന പരിഹാരത്തിനായി ഫാമിലി കൗൺസലിംഗ് ആവശ്യമാണ് എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം സേവനദാതാവിന്റെ ഓഫീസിൽ 0 വനിത സംരക്ഷണ ഓഫീസിൽ 0 മറ്റ് അംഗീകൃത കൗൺസലിംഗ് സെന്ററുകളിൽ ലഭ്യമായ സൗജന്യ ഫാമിലി കൗൺസലിംഗ് സേവനങ്ങൾക്കായി ഇരുകക്ഷികളെയും വിധേയമാക്കേണ്ടതാണ്.
4. അതിക്രമത്തിനിരയായ ആളെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനാ റിപ്പോർട്ട് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ, വനിത സംരക്ഷണ ഓഫീസർ എന്നിവർക്ക് നൽകേണ്ടതുമാണ്.
5. പരാതിക്കാരി ആവശ്യപ്പെടുന്ന പക്ഷം **ഷെൽട്ടർ ഹോമിൽ പ്രവേശിപ്പിക്കുകയും** ഈ വിവരം ഗാർഹികാതിക്രമം നടന്നതായി പറയുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
6. പരാതിക്കാരിയ്ക്ക് ആക്ട്, 2005 പ്രകാരം ലഭ്യമാകുന്ന സേവനങ്ങളായ സൗജന്യ നിയമ സഹായം, വനിത സംരക്ഷണ ഓഫീസറുടെ സേവനം, ഷെൽട്ടർ ഹോം, ആരോഗ്യ പരിചരണം എന്നിവയും IPC 498A പ്രകാരം കേസ് ഫയൽ ചെയ്യാമെന്നതിനെപ്പറ്റിയുള്ള അറിവും സൗജന്യ നിയമ സഹായവും നൽകേണ്ടതാണ്.
7. ഉത്തമ വിശ്വാസത്തോടെ എടുത്ത നടപടിമൂലമുണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിന് അന്യായമോ, പ്രോസിക്യൂഷൻ നടപടികളോ സേവനദാതാവിനെതിരെ നിലനിൽക്കുന്നതല്ല.

**നിർവ്വഹിക്കേണ്ട സേവനങ്ങൾ**

